**മാ കഞ്ചന ശുചോ രാജൻ യദീശ്വരവശം ജഗത്
ലോകാസ്സപാലാ യസ്യേമേ വഹന്തി ബലിമീശിതു:
സ സംയുനക്തി ഭൂതാനി സ ഏവ വിയുനക്തി ച (1–13–40)**

സൂതൻ തുടർന്നു:
ഏതാണ്ടീസമയത്ത് ധൃതരാഷ്ട്രരുടെ അനുജൻ വിദുരർ ദീർഘമായൊരു തീർത്ഥാടനത്തിനുശേഷം ഹസ്തിനപുരത്ത് തിരിച്ചെത്തി. എല്ലാവരും അദ്ദേഹത്തെ സ്വാഗതം ചെയ്തുസ്വീകരിച്ചു. യുധിഷ്ഠിരൻ ചോദിച്ചു. “അമ്മാവാ, അങ്ങുസന്ദർശിച്ച തീർത്ഥങ്ങളെപ്പറ്റി ഞങ്ങൾക്കുപറഞ്ഞു തന്നാലും. അങ്ങയെപ്പോലുള്ള പാവനചരിതരും ദൈവീകരുമായ പുണ്യാത്മാക്കൾ സന്ദർശിക്കുന്നതു കൊണ്ടു തന്നെ സ്ഥലങ്ങൾ തീർത്ഥങ്ങളായി മാറുന്നു.”

വിദുരൻ തൻെറ തീർത്ഥാടനത്തെപ്പറ്റി വിശദമായിപ്പറഞ്ഞു. യാദവവംശത്തിൻെറ നാശവർത്തമാനമൊഴിച്ച് മറ്റെല്ലാം വിശദീകരിച്ചുകൊടുത്തു. ദിനരാത്രങ്ങൾ പൊയ്ക്കൊണ്ടേയിരുന്നു. ഒരു ദിവസം വിദുരൻ ജ്യേഷ്ഠനായ ധൃതരാഷ്ട്രരോട് പറഞ്ഞു. “ജ്യേഷ്ഠാ, ഇനിയും ഗൃഹസ്ഥാശ്രമം നയിക്കുന്നതെന്തിന്? രാജ്യത്തോടും കുടുംബത്തോടും ആസക്തിപൂണ്ട് കാലം കടന്നുപോകുന്ന തറിയുന്നില്ലേ? മരണദിനമടുത്തു വരുന്നതും അങ്ങേക്കറിയാമല്ലൊ. ജീവിതം മുഴുവൻ കൃഷ്ണപ്രേമത്തിൽ മുഴുകി ലോകവ്യാപാരങ്ങളിൽ നിന്നുവിട്ട് ശുദ്ധജ്ഞാനത്തെ സ്വീകരിച്ച് ഈ ശരീരമുപേക്ഷിക്കുന്നവനെയാണ് ഞാൻ ശരിക്കും വീരനേതാവായി കണക്കാക്കുന്നത്.” ഇതുകേട്ട് ധൃതരാഷ്ട്രർ ഗാന്ധാരിയുമൊത്ത് ആരുമറിയാതെ കൊട്ടാരമുപേക്ഷിച്ച് വനത്തിലേക്കുപോയി. ധൃതരാഷ്ട്രർ പോയതറിഞ്ഞ് യുധിഷ്ഠിരൻ വളരെ വ്യസനിച്ചു. അപ്പോൾ മഹാമുനിയായനാരദൻ അവിടെയെത്തി അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. ധൃതരാഷ്ട്രരുടെ തിരോധാനത്തെപ്പറ്റി ആരാഞ്ഞ രാജാവിനോട് നാരദൻപറഞ്ഞു.

“ആർക്കുവേണ്ടിയും ദു:ഖിക്കരുത് മഹാരാജാവേ, കാരണം, ഈ ലോകംമുഴുവൻ ഭഗവാൻെറ നിയന്ത്രണത്തിലാണ്. എല്ലാ ലോകങ്ങളും രാജാക്കന്മാരും അവിടുത്തെ ആരാധിക്കുന്നു. അവിടുന്ന് തന്നെയാണ് മനുഷ്യരെ കൂട്ടിച്ചേർക്കുന്നതും അകറ്റുന്നതും. മനുഷ്യജീവിയെ പരമാത്മചൈതന്യമെന്നോ ജീവനുള്ള ചരവസ്തുവെന്നോ ഇവ രണ്ടും ചേർന്നതെന്നോ ഇതു രണ്ടുമല്ലെന്നോ കണക്കാക്കിയാലും അവർക്കുവേണ്ടി ദു:ഖിക്കുന്നതിൽ അർത്ഥമില്ല. ഒരാൾക്ക് എങ്ങിനെ മറ്റൊരാളെ പരിരക്ഷിക്കാനാകും? ഒരുവൻെറശരീരം ധാതുനിർമ്മിതവും രോഗബാധിതവും ജരാനരകൾ ബാധിക്കുന്നതും കാലപ്പഴക്കത്തിൽ മരണത്തിനടിമപ്പെടുന്നതുമാണല്ലൊ. ആ ശരീരത്തിൻെറ ചുമതലയേൽക്കുന്നത് വിഡ്ഢിത്തം തന്നെ. സ്വയം പെരുമ്പാമ്പിനാൽ വിഴുങ്ങപ്പെട്ടിരിക്കുന്ന ഒരാൾ മറ്റൊരാളെ എങ്ങിനെരക്ഷിക്കും? രാജാവേ, താങ്കളുടെ വല്യച്ഛനും വല്യമ്മയും വനത്തിൽ നിരന്തരം ഭഗവൽധ്യാനത്തിൽമുഴുകി ജീവിക്കുന്നു. മായയുടെ ത്രിഗുണങ്ങളിൽനിന്നുമകന്ന് ഭക്തിയോടെ കഴിയുകയാണവർ. താമസിയാതെ ആ വനപ്രദേശം തീയിലകപ്പെടുകയും അവരുടെ കുടിലടക്കമെല്ലാം തീപ്പെടുകയുംചെയ്യും. വല്യച്ഛനും വല്യമ്മയും അവിടെവെച്ച് ശരീരമുപേക്ഷിച്ചവിവരമറിയുമ്പോൾ വിദുരൻ വീണ്ടുമൊരു തീർത്ഥാടനത്തിനിറങ്ങും. അതുകൊണ്ട് ഇപ്പോഴുള്ള ഈ വ്യർത്ഥമായ ശോകത്തെ കളയൂ.”

ഈ വാക്കുകൾ യുധിഷ്ഠിരന് ആശ്വാസവും സമാധാനവും നൽകി.